സംയോജിത ഗ്രാമവികസന പരിപാടിയുടെ ഗുണഭോക്താക്കളുടെ പ്രതിനിധികളും അടങ്ങുന്ന സംഘടനകളും ഗ്രാമതലത്തിലും ബ്ലോക്കു തലത്തിലും രൂപീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരെ സ്ഥിരപ്പെടുത്താൻ നടപടി

318 [348] ശ്രീ. കെ. മൂസക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ വികസനവകുപ്പിൽ എൽ.വി ഇ.ഒ. മാരായി താൽക്കാലിക നിയമനം ലഭിച്ച് സർവീസിൽ തുടരാൻ അനുവദിക്കപ്പെട്ട വികലാംഗരെ സർവീസിൽ റഗുലറൈസ് ചെയ്തിട്ടുണ്ടോ;

(ബി) റഗുലറൈസ് ചെയ്യുന്നതു സംബന്ധിച്ച് ജില്ലാ കളക്ടർമാർ ഗവൺമെന്റിലേക്ക് അയച്ച ശുപാർശയിൻമേൽ നാളിതുവരെ തീരുമാനമാകാത്തതിന്റെ കാരണമെന്താണ്?

ഉത്തരം

(എ) ഗ്രാമവികസന വകുപ്പിൽ 15 വികലാംഗ എൽ.വി.ഇ.ഒ. മാർ ജോലിനോക്കിവരുകയാണ്. അവരുടെ സർവീസ് റഗുലറൈസ് ചെയ്യുന്നതിന്റെ മുന്നോടിയായി അവർക്ക് പ്രീ-സർവീസസ് ട്രെയിനിംഗ് നൽകാനുള്ള നടപടികളും എടുത്തുവരികയാണ്. ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കുന്നതനുസരിച്ച് സർവീസ് റഗുലറൈസ് ചെയ്യുന്നതാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

1985-86 സാമ്പത്തികവർഷത്തിൽ ഗ്രാമവികസനവകുപ്പിന് ലഭിച്ച കേന്ദ്ര സഹായം

319 [349] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

1985-86 സാമ്പത്തിക വർഷത്തിൽ ഗ്രാമവികസനവകുപ്പിന് കേന്ദ്രത്തിൽനിന്നും ലഭിച്ച തുക എത്ര?

ഉത്തരം

44.65 കോടി രൂപയാണ് 1985-86 സാമ്പത്തിക വർഷത്തിൽ ഗ്രാമവികസനവകുപ്പിന് കേന്ദ്രത്തിൽനിന്നും ലഭിച്ചത്.

1985-86-ലെ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഗ്രാമവികസന വകുപ്പിന് ലഭിച്ച തുക

320 [350] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

1985-86-ലെ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഗ്രാമവികസനവകുപ്പിന് ലഭിച്ച തുക എത്ര?

LIBRARY ARCHIVES Kerala Legislative Assembly